**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5741** **08-11-2021 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനനികുതി വരുമാനത്തിലെ കുറവ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം രാജഗോപാലൻ | | **Shri K N Balagopal**<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ ബജറ്റ് ചെലവ് ഗണ്യമായി ഉയർന്നിട്ടുണ്ടെങ്കിലും കോവിഡിനെ തുടർന്ന് സംസ്ഥാനനികുതി വരുമാനത്തിൽ എത്ര ശതമാനത്തിന്റെ കുറവുണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ? | (എ) | 2019-20 സാമ്പത്തിക വർഷം എക്സൈസ് വകുപ്പിന് ആകെ 2219.65 കോടി രൂപ വരുമാനമായി ലഭ്യമായിരുന്നു. 2020-21 സാമ്പത്തിക വർഷം ആകെ 2276.41 കോടി രൂപ വരുമാനം ലഭ്യമായിട്ടുള്ളതും 2021-22 സാമ്പത്തികവർഷം ഒക്ടോബർ മാസം വരെ എക്സൈസ് വകുപ്പിന് 1030.40 കോടി രൂപ പിരിഞ്ഞ് കിട്ടിയിട്ടുള്ളതുമാണ്. രജിസ്ട്രേഷൻ വകുപ്പിനെ സംബന്ധിച്ച് 2019-20 സാമ്പത്തിക വർഷത്തിൽ 3455.01 കോടി രൂപ സമാഹരിച്ചിട്ടുണ്ട്. എന്നാൽ കോവിഡ് പ്രധാനമായും ബാധിച്ച 2020-2021 സാമ്പത്തിക വർഷം 3130.32 കോടി രൂപ മാത്രമേ സമാഹരിക്കാനായുള്ളൂ. 2019-20 സാമ്പത്തിക വർഷത്തെ അപേക്ഷിച്ച് 2020-21 സാമ്പത്തിക വർഷത്തിൽ 9.40% വരുമാനത്തിൽ കുറവുള്ളതായി കാണുന്നു. 2020-21 സാമ്പത്തിക വർഷത്തിൽ, 2020 ഒക്ടോബർ മാസം വരെ 1292.01 കോടി രൂപ സമാഹരിച്ചിരുന്നു. എന്നാൽ 2021-22 സാമ്പത്തിക വർഷം ഒക്ടോബർ മാസം വരെ 2054.13 കോടി രൂപ സമാഹരിച്ചിട്ടുണ്ട്. 2020-21 സാമ്പത്തിക വർഷത്തെ അപേക്ഷിച്ച് 2021-22 സാമ്പത്തിക വർഷം ഒക്ടോബർ മാസം വരെ 58.99% വരുമാനത്തിൽ വർദ്ധനവുള്ളതായി കാണുന്നു. സംസ്ഥാന ചരക്കു സേവന നികുതി വകുപ്പിൽ കോവിഡിനെ തുടർന്ന് സംസ്ഥാന നികുതി വരുമാനത്തിൽ 18.47% കുറവുണ്ടായിട്ടുണ്ട്. 2020-21 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് പ്രകാരം സംസ്ഥാനത്തിലെ തനത് നികുതി വരുമാനമായി 67,420.01 കോടി രൂപ പ്രതീക്ഷിച്ചിരുന്നു. അക്കൗണ്ടന്റ് ജനറലിന്റെ കണക്കുകൾ പ്രകാരം 2020-21 സാമ്പത്തിക വർഷത്തെ സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനമായി 47671.98 കോടി രൂപ ലഭ്യമായിട്ടുണ്ട്. 2021-22 സാമ്പത്തികവർഷത്തെ പുതുക്കിയ ബഡ്ജറ്റ് പ്രകാരം |

| | | | |
|---|---|---|---|
| | | | സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനം 71833.28 കോടി രൂപ പ്രതീക്ഷിച്ചിരുന്നു. അക്കൗണ്ടന്റ് ജനറലിന്റെ 2021 ആഗസ്റ്റ് മാസം വരെയുള്ള താൽക്കാലിക കണക്കുകൾ പ്രകാരം സംസ്ഥാനത്തിന് നികുതി വരുമാനമായി 18355.53 കോടി രൂപ ലഭ്യമായിട്ടുണ്ട്. മോട്ടോർവാഹന വകുപ്പിന്റെ 2019-20 സാമ്പത്തിക വർഷത്തെ അപേക്ഷിച്ച് 2020-21 കാലഘട്ടത്തിൽ നികുതി വരുമാനത്തിൽ 9.51 ശതമാനത്തിന്റെ നികുതി ഇടിവ് വന്നിട്ടുണ്ട്. എന്നാൽ 2020-21 സാമ്പത്തിക വർഷത്തിലെ ഒക്ടോബർ മാസം വരെയുള്ള നികുതി വരുമാനവുമായി താരതമ്യം ചെയ്യുമ്പോൾ വകുപ്പിന്റെ 2021-22 സാമ്പത്തിക വർഷത്തിൽ ഒക്ടോബർ മാസം വരെ 5.75 ശതമാനത്തിന്റെ നികുതി വർദ്ധനവ് ഉണ്ടായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ